കേരള സർക്കാർ
സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - ഓപ്പറേഷൻ സർവ്വീസ് റൈറ്റ്സ് - വിജിലൻസ് മിന്നൽ പരിശോധന - തലശ്ശേരി നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. ടി.പി. സതീശനെതിരായ അച്ചടക്ക നടപടി അവസാനിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========

തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധാ) നം.1938/2017/തസ്വഭവ. തീയതി, തിരുവനന്തപുരം, 12.06.2017.

==========

പരാമർശം : 1) വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 07.04.2014 തീയതിയിലെ E13(SC54/2013/KNR) 27601/2013 നമ്പർ കത്ത്.

2) തലശ്ശേരി നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. ടി.പി. സതീശന് നൽകിയ 29.11.2014 തീയതിയിലെ 64863/ഇയു1/14/തസ്വഭവ. നമ്പർ കുറ്റാരോപണ മെമ്മോ.

3) കുറ്റാരോപമെമ്മോയ്ക്ക് ശ്രീ. ടി.പി. സതീശൻ നൽകിയ 10.02.2015 തീയതിയിലെ പ്രതിവാദ പത്രിക.

4) നഗരകാര്യ ഡയറക്ടറുടെ 03.12.2016 തീയതിയിലെ വി2-22864/14 നമ്പർ കത്ത്.

ഉത്തരവ്

'ഓപ്പറേഷൻ സർവ്വീസ് റൈറ്റ്സ്' എന്ന പേരിൽ വിജിലൻസ് വകുപ്പ് സംസ്ഥാന വ്യാപകമായി നടത്തിയ മിന്നൽ പരിശോധനകളുടെ ഭാഗമായി വിജിലൻസ് & ആന്റികറപ്ഷൻസ് ബ്യൂറോയുടെ കണ്ണൂർ യൂണിറ്റ് തലശ്ശേരി നഗരസഭയിൽ 09.09.2013 തീയതിയിൽ നടത്തിയ മിന്നൽ പരിശോധനയിൽ താഴെ പറയുന്ന ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്:-

a) സേവനാവകാശ നിയമം, വിവരാവകാശ നിയമം എന്നിവ പ്രകാരം നൽകുന്ന സേവനങ്ങൾ സംബന്ധിച്ച ബോർഡ് നഗരസഭാ ഓഫീസിന്റെ ഒരു ഭാഗത്തും പ്രദർശിപ്പിച്ചിട്ടില്ല.

b) സെക്ഷൻ ക്ലാർക്കുമാർ പേഴ്സണൽ രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല.

c) വിവിധ വിഭാഗങ്ങളിലുള്ള 5 ജീവനക്കാരുടെ അറ്റൻഡൻസ് രജിസ്റ്ററിലെ കോളങ്ങൾ ശൂന്യമായി കാണപ്പെട്ടു. 09.09.2013 തീയതിയിൽ ടിയാളുകളുടെ അഭാവം കൃത്യമായി രേഖപ്പെടുത്തിയിരുന്നില്ല.

d) പൊതു ജനങ്ങൾക്ക് നൽകുന്ന വിവിധ സേവനങ്ങൾക്ക് അകാരണമായ കാലതാമസം കാണപ്പെട്ടു.

e) അപകടകരമായ മരങ്ങൾ മുറിച്ചു മാറ്റണമെന്ന 73 അപേക്ഷകൾ, മലിന ജലം സംബന്ധിച്ച പരാതിയുമായി ബന്ധപ്പെട്ട 53 അപേക്ഷകൾ D & O ലൈസൻസ് സംബന്ധിച്ച 4307 അപേക്ഷകൾ എന്നിവ ഹെൽത്ത് വിഭാഗത്തിൽ തീർപ്പാക്കാതെ കാണപ്പെട്ടു.

f) ടൈറ്റിൽ ട്രാൻസ്ഫറിനുള്ള 113 അപേക്ഷകൾ, പുതിയ ബിൽഡിംഗ് നമ്പറിനുള്ള 58 അപേക്ഷകൾ, റസിഡൻഷ്യൽ സർട്ടിഫിക്കറ്റിനുള്ള 23 അപേക്ഷകൾ, പൊളിച്ചു നീക്കിയ കെട്ടിടങ്ങളുടെ കെട്ടിട നികുതി ഒഴിവാക്കുന്നത് സംബന്ധിച്ച 28 അപേക്ഷകൾ എന്നിവ റവന്യു സെക്ഷനിൽ തീർപ്പാക്കാതെ കാണപ്പെട്ടു.

g) എഞ്ചിനീയറിംഗ് സെക്ഷനിൽ 15 ബിൽഡിംഗ് പെർമിറ്റിനുള്ള അപേക്ഷകൾ തീർപ്പാക്കിയിട്ടില്ല.

h) തൊഴിൽ രഹിത വേതനത്തിനുള്ള 12 അപേക്ഷകൾ, കർഷക പെൻഷനുള്ള 2 അപേക്ഷകൾ, അവിവാഹിതരായ സാത്രീകൾക്കുള്ള പെൻഷനുള്ള 34 അപേക്ഷകൾ, വികലാംഗ പെൻഷനുള്ള 24 അപേക്ഷകൾ, ഇന്ദിരാഗാന്ധി നാഷണൽ ഓൾഡ് ഏജ് പെൻഷനായുള്ള 178 അപേക്ഷകൾ, വിധവ പെൻഷനുള്ള 155 അപേക്ഷകൾ എന്നിവ പ്ലാനിംഗ് സെക്ഷനിൽ തീർപ്പാക്കാതെ കാണപ്പെട്ടു.

i) പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ, പേഴ്സണൽ രജിസ്റ്റർ എന്നിവ കൃത്യമായി സൂക്ഷിച്ചിട്ടില്ല.

2. മേൽ ക്രമക്കേടുകൾക്ക് ടി നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. ടി.പി. സതീശനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയും പരാമർശം രണ്ട് പ്രകാരം കുറ്റാരോപണ മെമ്മോ നൽകുകയുമുണ്ടായി.

3. കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീ. ടി.പി. സതീശൻ സമർപ്പിച്ച പരാമർശം മുന്നിലെ പ്രതിവാദ പത്രികയിൽ ചുവടെ ചേർത്തിരിക്കുന്ന വിവരങ്ങൾ പ്രതിപാദിച്ചിട്ടുണ്ട്.

a) സേവനാവകാശ നിയമം, വിവരാവകാശ നിയമം എന്നിവ സംബന്ധിച്ച് നൽകുന്ന സേവനങ്ങൾ സംബന്ധിച്ച ബോർഡ് നഗരസഭയുടെ മുൻവശം തന്നെ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. എഴുതി ലഭിക്കാനുള്ള താമസം ഉണ്ടായിട്ടുണ്ട്. താല്ക്കാലികമായി ഒരെണ്ണം എഴുതി പ്രദർശിപ്പിച്ചിട്ടുണ്ട്.

b) സെക്ഷൻ ക്ലാർക്കുമാർ പേർസണൽ രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ട ഉടൻ ഇതിനുള്ള നടപടി സ്വീകരിക്കുകയും പേർസണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുകയും ചെയ്തിട്ടുണ്ട്.

c) വിവിധ വിഭാഗങ്ങളിലെ 5 ജീവനക്കാരുടെ അറ്റൻഡൻസ് രജിസ്റ്ററിലെ ഹാജരാകാതിരുന്ന ദിനങ്ങൾ പിന്നീട് ലീവ് തന്ന് റെഗുലറൈസ് ചെയ്ത് ക്രമീകരിച്ചിട്ടുണ്ട്.

d) 2000 ലെ ഇലക്ഷനോടനുബന്ധിച്ച് കോടിയേരി പഞ്ചായത്തു പ്രദേശം മുഴുവനായി തലശ്ശേരി നഗരസഭയോട് കൂട്ടിച്ചേർത്ത് നഗരസഭാ പ്രദേശം വിസ്തൃതമാക്കിയപ്പോൾ ജീവനക്കാർക്ക് ജോലിഭാരം ഉണ്ടായിട്ടുണ്ട്. എന്നാൽ അതനുസരിച്ച് നാമമാത്രമായ സ്റ്റാഫ് വർദ്ധന മാത്രമേ ഉണ്ടായിട്ടുള്ളൂ. ഇതു മൂലം സേവനങ്ങൾ നൽകുന്നതിലും കാലതാമസം ഉണ്ടാകുന്നുണ്ട്. കൂടാതെ 2013 ൽ നഗരസഭകളിൽ നടപ്പാക്കേണ്ട വസ്തു നികുതി പരിഷ്ക്കരണവുമായി ബന്ധപ്പെട്ട് നഗരസഭയിലെ എല്ലാ കെട്ടിടങ്ങളുടേയും നമ്പരിട്ട് വിവരശേഖരണത്തിന് (ഇനം, തരം, സമീപത്തുള്ള വഴിയുടെ വീതി, വിസ്തീർണ്ണം തുടങ്ങിയ കാര്യങ്ങൾ) എല്ലാ വിഭാഗം ജീവനക്കാരെയും വിനൃസിക്കേണ്ടി വന്നതിനാലും അപേക്ഷകളിൽ തീർപ്പു കൽപ്പിക്കാൻ കാലതാമസം വന്നിട്ടുണ്ട്. സാമൂഹ്യ സാമ്പത്തിക ജാതി സെൻസസിലെ പിശകുകൾ കണ്ടുപിടിച്ച് തിരുത്തുവാൻ വിവിധ സെക്ഷനുകളിലെ ഉയർന്ന ഉദ്യോഗസ്ഥരെ നിയോഗിച്ചതും ഇതിനു കാരണമായിട്ടുണ്ട്. എന്നിരുന്നാലും സേവനാവകാശ നിയമ പ്രകാരം നഗരസഭ ഉത്തരവിറക്കിയ 07.09.2013 തീയതി മുതൽ നാളിതുവരെ ഇത്തരം അപേക്ഷകൾ ഒന്നും നഗരസഭയിൽ ലഭിച്ചിട്ടില്ലെന്നതിനാൽ തന്നെ ഭേദപ്പെട്ട നിലയിൽ സേവനം നൽകുന്നതായി കാണാവുന്നതാണ്.

e) അപകടകരമായ മരങ്ങൾ മുറിച്ചു മാറ്റണമെന്നാവശ്യപ്പെട്ട് ലഭിക്കുന്ന പല അപേക്ഷകളും വ്യക്തികൾ തമ്മിലുള്ള ശത്രുതയോ പകയോ മൂലം ഉണ്ടാകുന്നതാണെന്ന് പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. യഥാർത്ഥത്തിൽ അപകടം ഉണ്ടാകാനിടയുണ്ടെന്ന് ബോദ്ധ്യമായിട്ടുള്ള മരങ്ങൾ മുറിച്ചുമാറ്റാൻ നടപടി സ്വീകരിച്ചിട്ടുള്ളതും ഏതാനും മരങ്ങൾ മുറിച്ചു മാറ്റിയിട്ടുള്ളതുമാണ്. 73 അപേക്ഷകളിൽ 65 ഫയലുകൾ തീർപ്പാക്കി. 8 ൽ നടപടി നടക്കുന്നവയാണ്. ഏതാനും അപേക്ഷകൾ തെങ്ങുകൾ വെട്ടിമാറ്റണമെന്നാ വശ്യപ്പെട്ട് ലഭിച്ചിട്ടുള്ളതാണ്. ഒരു ഫലവൃക്ഷം എന്ന നിലയിൽ അടിയന്തിര സാഹചര്യം ബോദ്ധ്യപ്പെടുന്ന കേസ്സുകൾ മാത്രമേ വെട്ടി മാറ്റാൻ നടപടി സ്വീകരിച്ചിട്ടുള്ളൂ എന്നതിനാലാണ് അപേക്ഷകൾ പെൻഡിംഗ് വന്നിട്ടുള്ളത്. മലിനജലം സംബന്ധിച്ച 53 അപേക്ഷകളിൽ 34 എണ്ണത്തിൽ നടപടി പൂർത്തീകരിച്ചു. ബാക്കി നടപടി സ്വീകരിച്ചു വരുന്നതും ഡി & ഒ ലൈസൻസ് 4307 അപേക്ഷകളിൽ 4307 ലും ലൈസൻസ് നിശ്ചിത ഫാറത്തിൽ ഇതിനകം എഴുതി നൽകിയിട്ടുണ്ട്.

f) ടൈറ്റിൽ ട്രാൻസ്ഫറിനുള്ള 113 അപേക്ഷകളിൽ 113 എണ്ണവും മാറ്റിയിട്ടുണ്ട്. പുതിയ ബിൽഡിംഗ് നമ്പറിനുള്ള 58 അപേക്ഷകളിൽ 58 എണ്ണവും ഇതിനകം നമ്പർ ചെയ്തിട്ടുണ്ട്. റസിഡൻഷ്യൽ കൺസ്ട്രക്ഷനുള്ള 23 അപേക്ഷകളും തീർപ്പാക്കി സർട്ടിഫിക്കറ്റുകളും നൽകിയിട്ടുണ്ട്. പൊളിച്ചു നീക്കിയ കെട്ടിടത്തിന്റെ നികുതി ഒഴിവാക്കുന്നതിനുള്ള 28 അപേക്ഷകളിലും തീർപ്പു കൽപ്പിച്ചിട്ടുണ്ട്.

g) 15 ബിൽഡിംഗ് പെർമിറ്റും നൽകി കഴിഞ്ഞിട്ടുണ്ട്.

h) സാമൂഹ്യ സുരക്ഷാ പെൻഷനുള്ള അപേക്ഷകൾ എന്നു ലഭിച്ചവയാണെന്ന് വ്യക്തമാക്കിയിട്ടില്ല. വിജിലൻസ് ചൂണ്ടിക്കാണിച്ച പ്രകാരം ഏത് തീയതിയിൽ പരിശോധിച്ചാലും ഏതാനും അപേക്ഷകൾ (അടുത്ത സമയത്ത് ലഭിച്ചത്) തീർപ്പാക്കാൻ ഉണ്ടാകുന്നതാണ്. ഞാൻ നഗരസഭയിൽ ചാർജ്ജ് എടുത്ത 3/12 ലെ പെൻഷൻ അപേക്ഷ അനുവദിച്ചതും 12/13 ലെ പെൻഷൻ അനുവദിച്ചതും.

i) പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ നിശ്ചിത ഫോറത്തിലല്ലെങ്കിലും എഴുതി സൂക്ഷിക്കുന്നുണ്ട്. പേഴ്സണൽ രജിസ്റ്ററും എഴുതി വരുന്നുണ്ട്.

4. കൂടാതെ കുറ്റാരോപണ പത്രികയിൽ ചൂണ്ടിക്കാണിച്ച ന്യൂനതകൾ മന:പൂർവ്വം സംഭവിച്ചിട്ടുള്ളതല്ലെന്നും ന്യൂനതകൾ ശ്രദ്ധയിൽ വന്ന ഉടനെ തിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും മേലിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്നും അതിനാൽ ശിക്ഷാ നടപടികളിൽ നിന്നും ഒഴിവാക്കണമെന്നും ശ്രീ. ടി. പി. സതീശൻ അപേക്ഷിച്ചു.

5. മേൽ വിഷയത്തിൽ നഗരകാര്യ ഡയറക്ടർ സമർപ്പിച്ച പരാമർശം നാലിലെ കത്തിൽ ചുവടെ ചേർക്കും പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

"1994 ലെ കേരള മുനിസിപ്പൽ ആക്ടേ് നിലവിൽ വന്ന ശേഷം നഗരസഭകൾക്കുണ്ടായ ജോലി ഭാരത്തിനനുസൃതമായി ജീവനക്കാരുടെ സംഖ്യാബലം പുതുക്കി നിശ്ചയിക്കാത്തതും വർദ്ധിച്ച ജോലിഭാരം കുറയ്ക്കുന്നതിയ്ക്കായി ചട്ടങ്ങളിലും നിർദ്ദേശങ്ങളിലും കാലികമായ മാറ്റങ്ങൾ ഉൾക്കൊള്ളിച്ച് നടപടിക്രമങ്ങൾ ലഘൂകരിക്കാത്തതും നഗരസഭകളുടെ ചട്ടപ്രകാരമുള്ള പ്രവർത്തനങ്ങൾ തൃപ്തികരമായി കൊണ്ടുപോകാൻ കഴിയാത്ത സാഹചര്യത്തിലേക്ക് നയിച്ചിട്ടുണ്ട്. വികേന്ദ്രീകൃതാസൂത്രണവും അധികാര വികേന്ദ്രീകരണവും വരുന്നതിന് മുമ്പ് തന്നെ നഗരസഭകളിലെ ജീവനക്കാരുടെ എണ്ണം പുതുക്കി നിശ്ചയിക്കുന്നതിന് 1991 ൽ നടപടികൾ ആരംഭിച്ചിരുന്നുവെങ്കിലും അധികാരവികേന്ദ്രീകരണ ത്തിലൂടെ കൂടുതൽ ജീവനക്കാരെ ലഭ്യമാക്കുമെന്ന ധാരണയിൽ തുടർ നടപടികൾ ഉണ്ടായില്ല. സെൻസസ്, ഇലക്ഷൻ, വാർഡ് വിഭജനം തുടങ്ങി വിവിധങ്ങളായ അധികജോലികൾ കൂടി വന്നുചേരുമ്പോൾ പ്രവർത്തനങ്ങളുടെ താളം തെറ്റൽ സ്വാഭാവികമാണ്. കുറ്റാരോപണ മെമ്മോയിൽ ഉന്നയിക്കുന്നതുപോലെ സെക്രട്ടറിയുടെ ഭാഗത്തുനിന്നും സൂപ്പർവൈസറി ലാപ്സ് ഉണ്ടായതായി കരുതാനാവില്ല. സെക്രട്ടറിയുടെ തസ്തിക ഒരു സൂപ്പർവൈസറി തസ്തികയല്ല. മറിച്ച് മാനേജീരിയൽ തസ്തികയാണ്. സൂപ്പർവൈസറി ഉദ്യോഗസ്ഥർ നഗരസഭയിൽ ആവശ്യത്തിനുള്ളതിനാൽ അത്തരം വീഴ്ചകളുടെ ഉത്തരവാദിത്വം സെക്രട്ടറിക്ക് നൽകുന്നത് ഉചിതമല്ല. സൂപ്പർവൈസറി ഉദ്യോഗസ്ഥൻ വീഴ്ച റിപ്പോർട്ട് ചെയ്തിട്ടും നടപടി സ്വീകരിക്കാതിരുന്നാൽ മാത്രമേ സെക്രട്ടറിയുടെ ഭാഗത്ത് വീഴ്ച വന്നതായി കരുതാനാവുകയുള്ളൂ. ആയതിനാൽ ഇക്കാര്യത്തിൽ സെക്രട്ടറി ശ്രീ.ടി.പി. സതീശന്റെ മറുപടി വസ്തുതാപരമാണ്."

6. ശ്രീ. ടി.,പി. സതീശൻ 30.11.2016 തീയതിയിൽ സർവ്വീസിൽ നിന്ന് വിരമിച്ചു. ഈ സാഹചര്യത്തിൽ, 'ഓപ്പറേഷൻ സർവ്വീസ് റൈറ്റ്സ്' എന്ന പേരിൽ വിജിലൻസ് വകുപ്പ് സംസ്ഥാന വ്യാപകമായി നടത്തിയ മിന്നൽ പരിശോധനകളുടെ ഭാഗമായി വിജിലൻസ് & ആന്റി കറപ്ഷൻസ് ബ്യൂറോയുടെ കണ്ണൂർ യൂണിറ്റ് തലശ്ശേരി നഗരസഭയിൽ 09.09.2013 തീയതിയിൽ

നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾക്ക് അന്നത്തെ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. ടി.പി. സതീശനെതിരെ ആരംഭിച്ച അച്ചടക്ക നടപടി ടിയാൻ കുറ്റക്കാരനല്ലാ എന്ന് കണ്ട് അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

എസ്. മോഹൻദാസ്,
ജോയിന്റ് സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, കേരളാ സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (എ & ഇ/ആഡിറ്റ്), തിരുവനന്തപുരം.
ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
സെക്രട്ടറി, തലശ്ശേരി നഗരസഭ.
ശ്രീ. ടി.പി. സതീശൻ, സെക്രട്ടറി, തലശ്ശേരി നഗരസഭ
(നഗരകാര്യ ഡയറക്ടർ മുഖേന)
എക്സി. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(ഈ ഉത്തരവ് വൈബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്) 40000
വിജിലൻസ് വകുപ്പ് (23.03.2017 തീയതിയിലെ 2976/ഡി1/17/വിജി നമ്പർ പ്രകാരം)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ